**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 76** **01-02-2023 - ൽ മറുപടിയ്ക്ക്**

**പറമ്പിക്കുളം-ആളിയാർ കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പറമ്പിക്കുളം-ആളിയാർ കരാറുമായി ബന്ധപ്പെട്ട് കേരള-തമിഴ്നാട് മുഖ്യമന്ത്രിമാർ നടത്തിയ ചർച്ചയിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | അന്തർ സംസ്ഥാന നദീജലകരാറുകൾ സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ 25.09.2019-ന് തിരുവനന്തപുരത്ത് ചേർന്ന കേരളാ-തമിഴ്നാട് മുഖ്യമന്ത്രിമാരുടെ യോഗത്തിൽ പറമ്പിക്കുളം ആളിയാർ കരാറുമായി ബന്ധപ്പെട്ട് എടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു:-<br><br>• പ്രസ്തുത യോഗത്തിൽ പറമ്പിക്കുളം ആളിയാർ കരാർ പുനരവലോകനം ചെയ്യുവാൻ ഇരു സർക്കാരും തീരുമാനിക്കുകയും ഇതിനായി ഇരു സംസ്ഥാനങ്ങളിലെയും വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ അഞ്ച് അംഗങ്ങൾ വീതമുള്ള ഒരു കമ്മിറ്റി (Joint Expert Committee) രൂപീകരിക്കുവാനും തീരുമാനിക്കുകയുണ്ടായി.<br>• ആനമലയാർ, നീരാർ, നല്ലാർ ഡൈവേർഷനുകളെകുറിച്ചും, മണക്കടവ് വിയറിൽ നിന്ന് കേരളത്തിന് കരാർ പ്രകാരം ലഭ്യമാക്കേണ്ട ജലം സംബന്ധിച്ചും പി.എ.പി കരാറുമായി ബന്ധപ്പെട്ട മറ്റു വിഷയങ്ങളിൽ പരിഗണിക്കേണ്ട കാര്യങ്ങളുടെ അജണ്ടയും ഇതേ കമ്മിറ്റി പരിശോധിക്കും.<br>• ഇരു സംസ്ഥാനങ്ങളിലെയും ചീഫ് സെക്രട്ടറിമാർ ആറുമാസത്തിൽ ഒരിക്കൽ യോഗം ചേർന്ന് കാര്യങ്ങൾ വിലയിരുത്താനും തീരുമാനിക്കുകയുണ്ടായി.<br>• പറമ്പിക്കുളം ആളിയാർ പദ്ധതിയുമായി ബന്ധപ്പെട്ട് കേരളത്തിന് കൈമാറേണ്ട കെട്ടിടങ്ങൾ, മറ്റു ചെറിയ തർക്കങ്ങൾ എന്നീ വിഷയങ്ങൾ കേരളവും തമിഴ്നാടും ചേർന്ന് പരിഹരിക്കുന്നതാണ് .<br>• പറമ്പിക്കുളം ആളിയാർ കരാർ പ്രകാരം ജലവിഭജനത്തിനും, വിതരണത്തിനും, |

| | | | |
|---|---|---|---|
| | | | അധികാരമുള്ള ജെ.ഡബ്ല്യൂ.ആർ ബോർഡ്, വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ ശക്തിപ്പെടുത്തുവാനും കാര്യക്ഷമമാക്കുവാനും തീരുമാനമുണ്ടായി. |
| (ബി) | ഇതിനായി സംയുക്ത സമിതി രൂപീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ പ്രസ്തുത സമിതി കൈക്കൊണ്ട തീരുമാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ബി) | 25.09.2019-ന് തിരുവനന്തപുരത്ത് ചേർന്ന ഇരു (കേരളാ തമിഴ്നാട്) സംസ്ഥാനങ്ങളിലെയും മുഖ്യമന്ത്രിമാരുടെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇരു സംസ്ഥാനങ്ങളിലെയും ജലവിഭവ വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ ഒരു Joint Expert Committee രൂപീകരിക്കുകയും തുടർന്ന് ഈ കമ്മിറ്റിയുടെ മൂന്ന് മീറ്റിംഗുകൾ യഥാക്രമം 12.12.2019, 11.09.2020, 17.09.2021 എന്നീ തീയതികളിൽ കൂടുകയും ചെയ്തിരുന്നു. പ്രസ്തുത യോഗങ്ങളിൽ പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ ഇരു സംസ്ഥാനങ്ങൾക്കും ഗുണപ്രദമായ രീതിയിൽ അവലോകനം നടത്തി സമവായത്തിൽ എത്തി കരാർ പുതുക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചു. കൂടാതെ പറമ്പിക്കുളം ആളിയാർ കരാർ അവലോകനത്തിനും നീരാർ-നല്ലാർ, ആനമലയാർ പദ്ധതികളുടെ സാങ്കേതിക വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായും ഇരു സംസ്ഥാനങ്ങളിൽ നിന്നും നാല് പേർ വീതമുള്ള ഒരു Technical Sub Committee രൂപീകരിക്കാനും തീരുമാനിച്ചിരുന്നു. ഇത് പ്രകാരം 16.05.2022 തീയതിയിലെ G.O(Rt)No.410/2022/WRD സർക്കാർ ഉത്തരവ് പ്രകാരം കേരളത്തിന്റെ പ്രതിനിധികൾ ഉൾപ്പെട്ട മേൽകമ്മിറ്റി രൂപീകരിക്കുകയും തുടർന്ന് ഈ കമ്മിറ്റിയുടെ ആദ്യ യോഗം 21.10.2022-ന് കൂടുകയും ചെയ്തിരുന്നു. പ്രസ്തുത Technical Sub Committee പറമ്പിക്കുളം ആളിയാർ കരാറിന്റെ സമഗ്രമായ അവലോകനം സംബന്ധിച്ചും, നീരാർ, നല്ലാർ പദ്ധതി, ആനമലയാർ പദ്ധതി എന്നിവയെ സംബന്ധിച്ചും വിശദമായി പഠിച്ചതിനു ശേഷം തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തമിഴ്നാടുമായി ഈ വിഷയത്തിൽ തുടർ ചർച്ചകൾ നടത്തി കേരളത്തിന് പരമാവധി ഗുണകരമായ രീതിയിൽ PAP കരാർ പുനർ അവലോകനം നടത്തുവാനുള്ള നടപടികൾ കൈകൊള്ളുവാനുമാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ